## 1. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി – III, പാലക്കാട് – ഘടനയും പ്രവർത്തനങ്ങളും കർത്തവ്യങ്ങളും :

ഈ കോടതി ബഹുമാനപ്പെട്ട പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് – III ആണ് ഈ കോടതിയുടെ മേധാവി. ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് ബഹു. കേരള ഗവർണർ ആണ് ജുഡീഷ്യൽ ഓഫീസർമാരുടെ നിയമനങ്ങൾ നടത്തുന്നത്.

മജിസ്ട്രേറ്റിന്റെ നിർദ്ദേശാനുസരണം ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഈ ഓഫീസിലെ കാര്യങ്ങൾ നിർവ്വഹിച്ചു വരുന്നു. ഈ കോടതിയിൽ ഒരു ജൂനിയർ സൂപ്രണ്ട്, 1 സീനിയർ ക്ലാർക്ക്, 5 ക്ലാർക്കുമാർ, ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സീനിയർ ഗ്രേഡ് – 1, ഒരു സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, 1 ടൈപ്പിസ്റ്റ്, 4 ഓഫീസ് അറ്റെൻഡന്റ്മാർ തുടങ്ങിയവർ പ്രവർത്തിക്കുന്നു.

പാലക്കാട് ജില്ലയിലെ മലമ്പുഴ പോലീസ് സ്റ്റേഷൻ, ഹേമാംബിക നഗർ പോലീസ് സ്റ്റേഷൻ എന്നിവ ഈ കോടതിയുടെ അധികാര പരിധിയിലാണ്. കൂടാതെ പാലക്കാട് ടൗൺ സൗത്ത്, ട്രാഫിക്ക്, റെയിൽവെ പോലീസ് സ്റ്റേഷൻ എന്നിവയിലെ സെക്കൻഡ് ക്ലാസ്സ് ഒഫൻസുകളും ഈ കോടതിയുടെ അധികാര പരിധിയിലാണ്.

ഇന്ത്യൻ ഭരണഘടന, കാലാകാലങ്ങളിൽ നിയമ നിർമ്മാണ സഭകൾ നിർമ്മിക്കുന്ന വിവിധ സിവിൽ – ക്രിമിനൽ നിയമങ്ങൾ, ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ, ബഹു. പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ നിർദ്ദേശങ്ങൾ , ബഹു. പാലക്കാട് ജില്ലാ കോടതിയുടെ നിർദ്ദേശങ്ങൾ എന്നിവയനുസരിച്ച് ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നു.

## 2. ഓഫീസറുടെയും ജീവനക്കാരുടെയും പ്രവർത്തനവും അധികാര പരിധിയും :

മാന്വൽ ഓഫ് ഓഫീസ് പ്രൊസിജീയേർസ്, KSR, KSSR, KFC, KTC കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾ, ബഹു. കേരള ഹൈക്കോടതിയുടെ സർക്കുലറുകൾ എന്നിവക്കനുസൃതമായി പ്രവർത്തിക്കുന്നു.

## 3. തീരുമാനമെടുക്കുന്ന പ്രക്രിയയുടെ നടപടിക്രമവും മേൽനോട്ടവും ഉത്തരവാദിത്തവും :

തീരുമാനമെടുക്കുന്ന പ്രക്രിയയിൽ ക്ലാർക്കുമാർ ഫയലുകൾ തയ്യാറാക്കുകയും ജൂനിയർ സൂപ്രണ്ട് പരിശോധിച്ച ശേഷം മജിസ്ട്രേറ്റ് അന്തിമമായി തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു.

## 4. ഈ കോടതിയുടെ പ്രവർത്തന നിർവ്വഹണത്തിനായി ക്രമപ്പെടുത്തിയിട്ടുള്ള നിയമങ്ങൾ :

1) മാന്വൽ ഓഫ് ഓഫീസ് പ്രൊസിജീയേർസ്,

2) കേരള സർവ്വീസ് റൂൾസ്

3) കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് റൂൾസ്

4) കേരള ഫിനാൻഷ്യൽ കോഡ്

5) കേരള ട്രഷറി കോഡ്

ബഹു. കേരള ഹൈക്കോടതിയുടെ വിവിധ സർക്കുലറുകൾ, വിവിധ സിവിൽ ക്രിമിനൽ നിയമങ്ങൾ.

**5. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ കൈവശമുള്ളതോ നിയന്ത്രണത്തിലുള്ളതോ, ജീവനക്കാർ അവരുടെ പ്രവർത്തന നിർവ്വഹണത്തിനായി ഉപയോഗിക്കുന്നതോ ആയ ചട്ടങ്ങൾ, ശാസനകൾ, നിർദ്ദേശങ്ങൾ, ലഘുരേഖകൾ, രേഖകൾ :**

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സർക്കുലറുകളും നിർദ്ദേശങ്ങളും , സിവിൽ ക്രിമിനൽ നിയമങ്ങൾക്കനുസൃതമായും കാലാകാലങ്ങളിൽ വരുന്ന സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായും ബഹു . ജില്ലാ ജഡ്ജിയുടെയും ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയും നിർദ്ദേശങ്ങൾക്കനുസരിച്ചും പ്രവർത്തിച്ചു വരുന്നു.

1. കേരള സർവ്വീസ് റൂൾസ്

2. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്

3. കേരള സിവിൽ സർവ്വീസ (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസ്

4. റൈറ്റ് റ്റു ഇൻഫർമേഷൻ ആക്ട്

5. മാന്വവൽ ഓഫ് ഓഫീസ് പ്രോസിജീയർ

6. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സർക്കുലറുകൾ

7. സർക്കാർ ഉത്തരവുകൾ

**6. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി – III യുടെ കൈവശത്തിലും നിയന്ത്രണത്തിലുള്ളതുമായ പല വിഭാഗത്തിലുള്ള പ്രമാണങ്ങൾ :**

1. നിലവിലുള്ളതും തീർപ്പ് കൽപ്പിക്കപ്പെട്ടതുമായ കേസുകളുടെ പ്രമാണങ്ങളും രേഖകളും

2. ഈ കോടതിയിൽ തീർപ്പു കൽപ്പിച്ചിട്ടുള്ള കേസുകളുടെ വിധികളും വിധിന്യായങ്ങളും

3. തൊണ്ടി മുതലുകൾ

4. ഭരണപരമായ രേഖകളും പ്രമാണങ്ങളും

**7. നയങ്ങൾ രൂപീകരിക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും വേണ്ടി പൊതു ജനങ്ങളുടെ വിദഗ്ദോപദേശത്തിനും പ്രാതിനിധ്യത്തിനും ഉള്ള വ്യവസ്ഥകൾ :**

പൊതു ജനങ്ങളുമായോ അവരുടെ പ്രതിനിധികളുമായോ വിദഗ്ദോപദേശത്തിനും പ്രാതിനിധ്യത്തിനും ഉള്ള വ്യവസ്ഥകൾ നിലവിലില്ല.

**8. ഈ കോടതിയിൽ നിലവിലുള്ള കമ്മിറ്റികൾ :**

1) ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റി കോൺസ്റ്റിറ്റ്യൂറ്റഡ് ആന്റ് ദി സെക്ഷ്വൽ ഹരാസ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക് പ്ലേസ് (പ്രിവെൻഷൻ പ്രോഹിബിഷൻ റിഡ്രസ്സൽ ആക്ട് 2013)

2) കമ്മിറ്റി ടു മോണിറ്ററിങ് ഗ്രീൻ പ്രോട്ടോകോൾ ഇംപ്ലിമെന്റേഷൻ.

## 9. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഡയറക്ടറി

| സീരിയൽ നമ്പർ | ഉദ്യോഗപ്പേര് | പേര് | ഫോൺ നം. |
|---|---|---|---|
| 1 | ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് - III, പാലക്കാട് | ശ്രീമതി. ഹിസാന തസ്ലിം, Qrts No. J 6/2, ജഡ്ജസ് ബംഗ്ലാവ്, പാലക്കാട് | 0491 2505977 |

## 10. ഉദ്യോസ്ഥരുടെയും ജീവനക്കാരുടെയും മാസവരുമാനം :

കാലാകാലങ്ങളിലെ ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നു. ഈ കോടതിയിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും അവരുടെ ശമ്പള നിരക്കും ഇതോടൊപ്പമുള്ള അനുബന്ധം A യിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**അനുബന്ധം A**

| Sl. No | Sanctioned Post | Sanctioned Strength | Scale of Pay | Allowance |
|---|---|---|---|---|
| 1 | Judicial First Class Magistrate – III | 1 | 27700-44770 | Spl. Pay – 1250<br>Medical – 1000<br>Sumptuary-1500<br>Interim Relief -9003 |
| 2 | Junior Superintendent | 1 | 43400-91200 | |
| 3 | Bench Clerk Grade -III | 1 | 31100-66800 | Special allowance Rs.200/- |
| 4 | Clerk | 5 | 26500 – 60700 | Special 250/- for one person handling Record Section and Rs. 200/- for one person handling Property Section. |
| 5 | Senior Clerk | 1 | 35600 - 75400 | Conveyance allowance of Rs.1100/- |
| 6 | Confidential Assistant Senior Grade | 1 | 43400-91200 | Special allowance 440/- |
| 7 | Typist Senior Grade<br><br>L.D Typist | 1<br><br>1 | 37400-79000<br><br>25600 - 60700 | <br><br>Compensatory allowance of Rs.110/- for handling photocopier. |
| 8 | Office Attendant Gr.I<br><br>Office Attendant | 1<br><br>3 | 23700-52600<br><br>23000 - 50200 | Medical allowance of Rs. 100/-,Special allowance of Rs. 200/- and Conveyance allowance of Rs.1100/-<br><br>Medical allowance of Rs. 100/- and Special allowance of Rs. 200/- each Office Attendant. |
| 8 | Part Time Sweeper | 1 | 11500-18940 | |

**11. പദ്ധതി വിഹിതവും ചെലവുകളും :**

2021-2022 സാമ്പത്തിക വർഷത്തിലേയ്ക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും ഈ കോടതിയിലേക്ക് അനുവദിച്ചിട്ടുള്ള തുകയും അവയുടെ 31.03.2022 വരെയുള്ള ചിലവുകളും ഉൾപ്പെടുന്ന വിവരം അനുബന്ധം B യിൽ ചേർത്തിയിട്ടുണ്ട്.

**അനുബന്ധം B**

| Head of Account | Description | Detailed Head | Budget Allocation (') from 01/04/2021 to 31/03/2022 |
|---|---|---|---|
| 2014-00-108-99-00-01-01-N-V | Salaries | Pay | 7449226 |
| 2014-00-108-99-00-01-02-N-V | Salaries | Dearness Allowance | 2142378 |
| 2014-00-108-99-00-01-03-N-V | Salaries | House Rent Allowance | 555265 |
| 2014-00-108-99-00-01-05-N-V | Salaries | Other Allowances | 266600 |
| 2014-00-108-99-00-02-01-N-V | Wages | Pay | 171500 |
| 2014-00-108-99-00-02-02-N-V | Wages | Dearness Allowance | 38581 |
| 2014-00-108-99-00-02-03-N-V | Wages | Other Allowance | 4500 |
| 2014-00-108-99-00-02-04-N-V | Wages | Consolidated pay | 0 |
| 2014-00-108-99-00-02-05-N-V | Wages | Daily Wages | 0 |
| 2014-00-108-99-00-04-01-N-V | Travel Expenses | Tour TA | 8075 |
| 2014-00-108-99-00-04-02-N-V | Travel Expenses | Transfer TA | 0 |
| 2014-00-108-99-00-05-01-N-V | Office Expenses | Water | 682 |
| 2014-00-108-99-00-05-02-N-V | Office Expenses | Electricity | 3248 |
| 2014-00-108-99-00-05-03-N-V | Office Expenses | Telephone Charges | 13540 |
| 2014-00-108-99-00-05-04-N-V | Office Expenses | Other Items | 34471 |
| 2014-00-108-99-00-34-03-N-V | Other Charges | Other Items | 800 |
| 2014-00-108-99-00-45-00 -N-V | POL | POL | 0 |
| 2014-00-108-99-00-99-00-N-V | Information Technology | - | 3930 |
| 2014-00-108-99-00-67-00-N-V | Basic amenities | Basic amenities | 0 |

**12. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ :**

ധനസഹായമോ സബ്സിഡിയോ ഉൾപ്പെടുന്ന പദ്ധതികളൊന്നും ഈ കോടതി മുഖാന്തിരം നടപ്പാക്കുന്നില്ല.

**13. ആനുകൂല്യങ്ങൾ സ്വീകരിച്ചവരുടെ വിശദാംശങ്ങൾ :**

ബാധകമല്ല.

## 14. ഇലക്ട്രോണിക്ക് രൂപത്തിലേക്ക് മാറ്റപ്പെട്ട വിവരങ്ങളുടെ വിശദാംശങ്ങൾ :

നിലവിലുള്ള കേസുകളുടെ വിശദാംശങ്ങൾ http.//districts.e.courts.gov.in/palakkad എന്ന website വിലാസത്തിലും e-courts services എന്ന മൊബൈൽ ആപ്പിലും ലഭ്യമാണ്. പാലക്കാട് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി പരിസരത്ത് സ്ഥാപിച്ചിട്ടുള്ള KIOSK സംവിധാനത്തിലൂടെയും കേസുകളുടെ വിശദാംശങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## 15. വായനശാലയും പൊതുജനങ്ങൾക്ക് അറിവുനേടുന്നതിനുള്ള സംവിധാനം :

അത്തരം സംവിധാനങ്ങൾ ഒന്നും തന്നെ ഈ കോടതിയുടെ ഭാഗമായി പ്രവർത്തിക്കുന്നില്ല.

## 16. പൊതുവിവരാവകാശ ഓഫീസറുടെ പേരും തസ്തികയും മറ്റ് വിശദാംശങ്ങളും :

**പൊതുവിവരാകാശ ഓഫീസർ** – ശ്രീ. സെബാസ്റ്റ്യൻ മറിയ റെയ്മണ്ട്,
ജൂനിയർ സൂപ്രണ്ട്,
ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി - III,
പാലക്കാട് - 678 001
ഓഫീസ് ഫോൺ നം. 0491 - 2505979

**അപ്പലറ്റ് അതോറിറ്റി** – ശ്രീ. മനു. കെ.പി,
ശിരസ്തദാർ,
ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
പാലക്കാട്.
ഓഫീസ് ഫോൺ നം. 0491 - 2505420

## 17. കോടതിയുടെ പ്രവർത്തന സമയം:

എല്ലാ സർക്കാർ പ്രവർത്തി ദിവസങ്ങളിലും കോടതി ഓഫീസ് പ്രവർത്തന സമയം കാലത്ത് 10 മണിമുതൽ വൈകീട്ട് 5 മണിവരെയും ഉച്ചഭക്ഷണത്തിനുള്ള സമയം 1.15 മണി മുതൽ 1.45 മണിവരെയും കോടതിയുടെ വിചാരണ സമയം കാലത്ത് 11 മണിമുതൽ ആണ് ആരംഭിക്കുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിഷ്കർഷിച്ചിട്ടുള്ള അവധി ദിവസങ്ങളിലും ഗവൺമെന്റ് കലണ്ടറിലെ അവധി ദിവസങ്ങളിലും കോടതി പ്രവർത്തിക്കുന്നതല്ല.

## കോടതിയുടെ വിലാസവും മറ്റ് വിവരങ്ങളും :

ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി - III,
പാലക്കാട് . പിൻ - 678 001
ഫോൺ - 0491 2505979
e-mail: jfcm3pkd.court-ker@gov.in